ICDS/A9-5906/21 (1)

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര,തിരുവനന്തപുരം
Phone No. 0471 – 2346534
തീയതി : 22/01/2022
E-Mail: directorate.wcd@kerala.gov.in

വനിതാ ശിശുവികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും

മാഡം,

**വിഷയം:-** വനിതാ ശിശുവികസന വകുപ്പ് - ചായം പദ്ധതി സംബന്ധിച്ച് നടപടിക്രമങ്ങളുടെ വകുപ്പുതല പരിശോധന-സംബന്ധിച്ച്:-

**സൂചന:-** 1) സ. ഉ (സാധാ) നം. 340/2021 സാനീവ തീയതി 24.05.2021

2) വനിത ശിശുവികസന ഡയറക്ടറുടെ 21.6.2021 ലെ ഇതേ നം. ഉത്തരവ്.

3) 26.7.2021 തീയതിയിലെ ഇതേ നം. പരിപത്രം

4) മാത്യു & സൺസിന്റെ 01.12.2021 തീയതിയിലെ അപേക്ഷ.

5) ശ്രീ സ്റ്റീഫൻ തോമസിന്റെ 2.12.2021 തീയതിയിലെ അപേക്ഷ.

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ചായം പദ്ധതി പ്രകാരം 2 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ 258 ഐ സി ഡി എസ് പ്രൊജക്ടുകളിലെ ഓരോ അങ്കണവാടികൾ വീതം എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗം മുഖേന ശിശു സൗഹൃദ കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യുന്നതിന് 5,16,000,00/- രൂപ വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി സൂചന (1) പ്രകാരം ലഭിക്കുകയും, പ്രവൃത്തി നിർവഹിക്കുന്നതിനുള്ള അനുമതിയും ഫണ്ടും സൂചന (2) പ്രകാരം ശിശു വികസന പദ്ധതി ഓഫീസർമാർക്ക് നൽകിയിട്ടുള്ളതുമാണ്. ചായം പദ്ധതിയുടെ സുഗമമായ നിർവഹണത്തിനു സൂചന (3) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശിശുവികസന പദ്ധതി ഓഫീസർമാർ നവീകരണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത നവീകരണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് തുകയുടെ വിനിയോഗത്തെ സംബന്ധിച്ച് നിരവധി പരാതികൾ ഈ കാര്യാലയത്തിൽ ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ താങ്കളുടെ ജില്ലയിലെ വിവിധ ഐ സി ഡി എസ് പ്രൊജക്റ്റുകളിലെ ചായം പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകൾ ജില്ലാതല ആഡിറ്റ് ടീമിന്റെ സന്ദർശന വേളയിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും നടപടിക്രമങ്ങളും ചട്ടങ്ങളും പാലിച്ചാണ് തുക വിനിയോഗിച്ചിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

Sunda

വനിതാ ശിശുവികസന ഡയറക്ടർക്കു വേണ്ടി

പകർപ്പ്:

1) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

2) എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

sree-2